"ഭരണഭാഷ മാതൃഭാഷ"

DWCD/2340/2025-D1

വനിതാശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര,തിരുവനന്തപുരം
തീയതി : 16-08-2025
ഇമെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ:0471-2346534

## പരിപത്രം

വിഷയം :- വനിത ശിശു വികസന വകുപ്പ് ഡയറക്ടറേറ്റ് - കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നത് - സ്വീകരിക്കേണ്ട നടപടികൾ - മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. സർക്കാരിന്റെ 8/4/21 തീയതിയിലെ സാനീവ.ബി.1/109/2017 നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.152/2025/WCDD ; തിയതി : 15.04.2025
3.വനിത ശിശു വികസന ഡയറക്ടറുടെ 22.04.2025 –ലെ DWCD/3306/2025-D1 നമ്പർ ഉത്തരവ്.

വനിത ശിശു വികസന വകുപ്പിന് കീഴിൽ സ്വന്തമായി ഔദ്യോഗിക വാഹനമില്ലാത്ത (ICPS, നിർഭയ, DCPU, ഡയറക്ടറേറ്റിലെ കരാർ വാഹനം ഒഴികെ), നിലവിലെ കരാർ വാഹനത്തിന്റെ കാലാവധി അവസാനിക്കുന്ന കീഴ് കാര്യാലയങ്ങളിൽ കരാർ തിയതി മുതൽ അടുത്ത ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം ടെണ്ടർ മുഖേന വാടകയ്ക്കെടുത്ത് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു. ഡ്രൈവറുള്ള കാര്യാലയങ്ങളിൽ dry lease വ്യവസ്ഥയിലും ഡ്രൈവറില്ലാത്ത കാര്യാലയങ്ങളിൽ wet lease വ്യവസ്ഥയിലും കരാർ വാഹനം വാടകയ്ക്ക് എടുക്കാവുന്നതാണ്. പുതിയ ടെൻഡർ വിളിച്ച് അംഗീകാരത്തിനായി സമർപ്പിക്കുന്ന അപേക്ഷകളിലെ പോരായ്മകൾ കാരണം ടെൻഡർ നിരസിക്കേണ്ടി വരുന്നതും റീ ടെൻഡർ നടപടികളിലേയ്ക്ക് കടക്കേണ്ടി വരുന്നതും വളരെ അധികം സമയ നഷ്ടവും സാമ്പത്തിക നഷ്ടവും ഉണ്ടാവുകയും ആയത് ഓഫീസ് പ്രവർത്തനങ്ങളെ സാരമായി ബാധിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച്, പത്രപ്പരസ്യം ഉള്ളടക്കം ചെയ്യാതെ ടെണ്ടർ അംഗീകാരത്തിനായി സമർപ്പിക്കുന്നത് യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ പുതിയ ടെൻഡർ ക്ഷണിച്ച് അംഗീകാരം ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടത്.
2. ടെൻഡർ ഫോമിന്റെ വില (ടെൻഡർ തുകയുടെ 0.2% ത്തെ 100 ന്റെ അടുത്ത ഗുണിതമായി നിജപ്പെടുത്തിയ തുക), ടെൻഡർ ഫോം വിൽപ്പന നടത്തുന്ന തീയതി, സ്വീകരിക്കുന്ന തീയതി, സമയം, ടെൻഡർ തുക, ഇ.എം.ഡി (1%) സെക്യൂരിറ്റി ഡെപ്പോസിറ്റ്

വെയ്ക്കൽ (5%), 200/-രൂപയുടെ മുദ്രപത്രത്തിൽ എഗ്രിമെന്റ് വെയ്ക്കൽ തുടങ്ങിയ നിബന്ധനകൾ വിവരിച്ചിട്ടുള്ള ക്വട്ടേഷൻ നോട്ടീസ് നിർബന്ധമായും പ്രസിദ്ധപ്പെടുത്തേണ്ടതും ആയതിന് പത്രമാധ്യമങ്ങളിൽ വ്യാപക പരസ്യം നൽകേണ്ടതുമാണ്.

3. ടെൻഡറർക്ക് ടെൻഡറുകൾ സമർപ്പിക്കുന്നതിന് മതിയായ സമയം നൽകേണ്ടതാണ്. ആയത് കൊട്ടേഷൻ നോട്ടീസ് തീയതിക്ക് ശേഷം കുറഞ്ഞത് 15 ദിവസമെങ്കിലും നൽകിയിരിക്കണം.

4. എല്ലാ കാര്യാലയങ്ങളിലും KFC form 15 chapter VII പ്രകാരമുള്ള ടെൻഡർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

5. കരാർ വാഹനം ഓഫീസ് സമയം മുഴുവനും ഓഫീസ് പരിസരത്ത് ഉണ്ടായിരിക്കണമെന്ന് ടെണ്ടർ നോട്ടീസിൽ പ്രത്യേകം നിഷ്കർശിക്കേണ്ടതാണ്.

6. ടെൻഡർ ഫോം വിറ്റതിന്റെ ചെലാൻ പകർപ്പ് ഹാജരാക്കേണ്ടതാണ്.

7. എല്ലാ ടെൻഡറുകൾക്കും ഒപ്പം EMD ഉണ്ടായിരിക്കേണ്ടതാണ്. (കോപ്പി EMD ഇല്ലാത്ത ടെൻഡറുകൾ അംഗീകാരത്തിനായി അയയ്ക്കേണ്ടതില്ല. )

8. മിനിമം 3 ടെൻഡറുകൾ ഉണ്ടായിരിക്കേണ്ടതാണ്.

9. ടെൻഡർ ഫോമിൽ എഴുതി ചേർക്കേണ്ട ഭാഗങ്ങൾ കരാറുകാരനും ബന്ധപ്പെട്ട ആഫീസറും പൂരിപ്പിച്ചിരിക്കേണ്ടതാണ്.

10. കവറുകളുടെ പുറത്ത് ടെൻഡർ സ്വീകരിച്ച തീയതി, സമയം, ടെൻഡർ തുറന്ന തീയതി സമയം ഇവ രേഖപ്പെടുത്തി ഓഫീസർ ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

11. വാഹനത്തിന്റെ RC Book, fitness, Permit, Insurance തുടങ്ങിയ രേഖകളുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

12. ടെൻഡർ സമർപ്പിച്ച വ്യക്തിയുടെ തന്നെ ഉടമസ്ഥതയിലുള്ള വാഹനമായിരിക്കണം. അല്ലാത്തവ നിരസിക്കേണ്ടതാണ്.

13. ടെൻഡറിനോടൊപ്പം മുദ്ര പത്രം വാങ്ങേണ്ടതില്ല. ടെൻഡർ അംഗീകരിച്ച് ലഭിച്ചതിന് ശേഷം മാത്രം കരാറുകാരൻ വാങ്ങി നൽകുന്ന 200/- രൂപയുടെ മുദ്രപത്രത്തിൽ കാര്യാലയ മേധാവി തയ്യാറാക്കി നൽകുന്ന എഗ്രിമെന്റ് കരാറുകാരനെ കൊണ്ട് വാഹനം ഉപയോഗിച്ച് തുടങ്ങുന്ന തീയതി എഴുതി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

14. ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത വ്യക്തിയുമായി നടത്തിയ നെഗോസിയേഷൻ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

15. കവറിംഗ് ലെറ്ററിൽ കാര്യാലയ മേധാവിയുടെ വ്യക്തമായ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്.

16. ടെണ്ടറിന് പ്രമുഖ പത്ര മാധ്യമങ്ങളിൽ വ്യാപകമായ പരസ്യം നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. പത്രപ്പരസ്യം ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും അംഗീകരിക്കുന്നതല്ല.

17. ടെണ്ടറിന് 7 വർഷത്തിൽ കുറഞ്ഞ കാലപ്പഴക്കമുള്ള വാഹനങ്ങൾ സ്വീകരിക്കേണ്ടതും, ലഭിക്കാത്ത പക്ഷം റീ ടെണ്ടറിന് 12 വർഷം വരെ കാലപ്പഴക്കമുള്ള വാഹനങ്ങൾ പരിഗണിക്കാവുന്നതുമാണ്.

18. കരാർ കാലാവധി പൂർത്തിയാക്കാതെ വാഹന ഉടമ കരാറിൽ നിന്നും പിൻവാങ്ങുന്ന അവസരങ്ങളിൽ കരാർ കാലാവധി പൂർത്തിയാകുന്നതു വരെ ഫിക്സഡ് ഡെപ്പോസിറ്റ് തടഞ്ഞു വയ്ക്കുന്നതും, കരാറിൽ നിന്നും പിൻവാങ്ങുന്നതു കാരണം വകുപ്പിന് ഏതെങ്കിലും തരത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ടി തുകയിൽ നിന്നും ഈടാക്കുന്നതുമാണ് എന്ന നിബന്ധന ടെണ്ടർ നോട്ടീസിലും, വാഹന ഉടമയുമായുള്ള കരാറിലും ഉൾപ്പെടുത്തേണ്ടതാണ്.

19. ഡയറക്ടറേറ്റ്/ജില്ല വനിത ശിശു വികസന ഓഫീസറുടെ ആവശ്യാനുസരണം വാഹനം ലഭ്യമാക്കണമെന്ന നിബന്ധന കൂടി ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തേണ്ടതാണ്.

20. മതിയായ ടെണ്ടറുകൾ ലഭിക്കാത്ത അവസരങ്ങളിൽ ടെണ്ടർ കാലാവധി ദീർഘിപ്പിക്കുന്നതിനോ, റീടെണ്ടർ ക്ഷണിക്കുന്നതിനോ പ്രത്യേക അനുമതി തേടേണ്ടതില്ല.

21. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഭേദഗതിക്കൾക്കനുസൃതമായി ടെൻഡർ നടപടികളിലും മാറ്റം വരുത്തേണ്ടതാണ്.

ലഭ്യമായ ടെൻഡറുകൾ പരിശോധിച്ച് ചുവടെ പറയുന്നവ എല്ലാം ഉള്ളടക്കം ചെയ്തിട്ടുണ്ടോ എന്ന് കാര്യാലയ മേധാവി ഉറപ്പു വരുത്തി മാത്രമെ അയയ്ക്കുവാൻ പാടുള്ളൂ.

a ടെൻഡർ നോട്ടീസ്.

b ദിനപത്രത്തിന്റെ പേര്, പ്രസിദ്ധീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേപ്പർ കട്ടിംഗ്.

c കംപാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ടെൻഡർ ഫോം വിൽപ്പന നടത്തിയ ചെലാൻ ഡീറ്റയിൽസ്, ഇ.എം.ഡി എന്നീ വിവരങ്ങളും ഉൾപ്പെടുത്തേണ്ടതാണ്.

d ലഭ്യമായ ടെൻഡറുകൾ കവർ സഹിതം (മിനിമം 3 ടെൻഡറുകൾ ഉണ്ടായിരിക്കേണ്ടതാണ്.

e ഇ.എം.ഡി, ചെലാൻ എന്നിവയുടെ പകർപ്പ്

f RC ബുക്ക്, fitness, പെർമിറ്റ്, ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ

g നെഗോസിയേഷൻ സ്റ്റേറ്റ്മെന്റ്.

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്:

എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും